ആഫീസർ തുക പിൻവലിക്കാൻ അംഗീകാരം നൽകി. ഈ സംഘത്തോടു മാത്രം പക്ഷപാതപരമായ ഒരു സമീപനം സ്വീകരിക്കുന്നു. അതിനാൽ അടിയന്തിരമായി ഈ മൂന്നുലക്ഷം രൂപ പിൻവലിക്കാൻ അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സഹകരണസംഘത്തിന് ഖാദി ബോർഡ് പണം കൊടുക്കാൻ തീരുമാനിച്ചത് ശരിയാണ്. പക്ഷെ ആ സ്ഥാപനത്തിലെ ഭരണസമിതിയിലെ ഒൻപത് അംഗങ്ങളിൽ നാലുപേരും മറ്റ് 36 അംഗങ്ങളും കൂടി സമർപ്പിച്ച ഒരു ഹർജിയെ സംബന്ധിച്ച് തൃശൂർ ജില്ലാ ആഫീസറും പോട്ടറി എക്സ്പർട്ട്സും അന്വേഷണം നടത്തി. അതിൽ ഈ ഭരണസമിതിയുടെ അഭിപ്രായവ്യത്യാസംകൊണ്ട് പ്രവർത്തനം മുടങ്ങിക്കിടക്കുന്നതിന്റെ തുടർന്നാണ് ഇത്രയും കാലതാമസമുണ്ടായത്. അത് സംബന്ധിച്ചുള്ള പ്രശ്നങ്ങളെല്ലാം ആഫീസർ പരിഹരിച്ചിട്ടുണ്ട്. അപ്രകാരമുള്ള പ്രവർത്തനങ്ങളെല്ലാം നടന്നുവരികയാണ്. അതോടൊപ്പംതന്നെ മറ്റ് ചില സൊസൈറ്റികളോടും ആവശ്യപ്പെട്ടതുപോലെയുള്ള കുടിശ്ശിക ആവശ്യപ്പെട്ടു എന്നു മാത്രമേയുള്ളു. ഈ സഹകരണസംഘത്തിന്റെ പ്രവർത്തനം നടത്തുന്നതിനിടക്ക് കുടിശ്ശിക അടയ്ക്കാൻ പ്രയാസമുണ്ടെങ്കിൽ ബോർഡ് അത് പരിഗണിക്കുന്നതാണ്. എന്തായാലും ഇപ്പോൾ ഇതിന്റെ പ്രവർത്തനം ധൃതഗതിയിൽ നടത്താനുള്ള നടപടികളും എടുത്തിട്ടുണ്ട്. അതിനാവശ്യമായ സഹായസഹകരണങ്ങളും ചെയ്യുന്നുണ്ട്. ഭരണസമിതിയിലും ഈ സഹകരണസംഘത്തിലും ഉള്ള ഗ്രൂപ്പ് തിരിഞ്ഞുള്ള പ്രവർത്തനം അവസാനിപ്പിച്ച് ഒന്നിച്ച് കൊണ്ടുപോകാനുള്ള നടപടികളെടുത്തിട്ടുമുണ്ട്.

(8) ആര്യനാട് നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. കെ. പങ്കജാക്ഷൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല സ്കൂളുകൾക്കും കെട്ടിടനിർമ്മാണത്തിന് നിർദ്ദേശം നൽകിയിട്ട് അത് നടപ്പിലാക്കാത്ത കാര്യവും, തുടങ്ങിയ പണികൾതന്നെ നിലച്ചുപോയിരിക്കുന്ന സ്ഥാഹചര്യവും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയാണ്.

ആര്യനാട് നിയോജകമണ്ഡലത്തിലെ വിതുര പഞ്ചായത്തിൽ ഉള്ള ആനപ്പാറ ഗവൺമെന്റ് ഹൈസ്കൂൾ, കാട്ടാക്കട പഞ്ചായത്തിലെ പ്ലാവൂർ, കുളത്തുമ്മൽ ഹൈസ്കൂളുകൾ, പൂവച്ചൽ പഞ്ചായത്തിലെ പൂവച്ചൽ ഹൈസ്കൂൾ, കുറ്റിച്ചൽ പഞ്ചായത്തിലെ പരുത്തിപ്പള്ളി ഗവൺമെന്റ് ഹൈസ്കൂൾ ഇവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതാണ്. മുൻഗണനയും നൽകിയിരുന്നു. ഇതിൽ പല സ്കൂളുകളും അപ്ഗ്രേഡ് ചെയ്ത് സ്പോൺസറിംഗ് കമ്മിറ്റികൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള തുക ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതുവരേയും നടപടികൾ ഉണ്ടായിട്ടില്ല. ആനപ്പാറയിൽ ഒരു ട്രൈബൽ വെൽഫയർ സ്കൂളുണ്ട്, ആ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ പൈസ വിദ്യാഭ്യാസ വകുപ്പിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നതുമാണ്. എന്നിട്ടും ഒരു നടപടിയുമുണ്ടായില്ല. പൂവച്ചൽ പഞ്ചായത്തിലെ പെരുങ്കുളം സ്കൂളിന് ഒരു കെട്ടിടത്തിന്റെ പണി നാല് വർഷംമുമ്പ് തുടങ്ങിയതാണ്. പല തവണകളായി തുടങ്ങി മുടങ്ങിപ്പോയി, ഇപ്പോഴത്തെ അവസ്ഥ പൂർണ്ണമായി അത് നിലച്ചിരിക്കുന്നു, എന്നുള്ളതാണ്. കഴിഞ്ഞ മാസം അവസാനം കരാറുകാരൻ ഈ പണി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുമുൻപ് ഒരിക്കൽ മുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻതന്നെ കണ്ട് രക്ഷാകർതൃ സമിതിയുടെ നിവേദനം നൽകി. മന്ത്രി ആ കരാർ റദ്ദാക്കിക്കൊണ്ട് പണി മറ്റാരെയെങ്കിലും ഏൽപ്പെടുത്തുന്നതിന് നിർദ്ദേശിച്ചതാണ്. എന്നാൽ എന്തുകൊണ്ടോ പിന്നീട് അത് ക്യാൻസൽ ചെയ്തില്ല. കഴിഞ്ഞ മാസാവസാനവും ഈ പണി തീരാത്തതുകൊണ്ട് കരാർ റദ്ദ് ചെയ്ത് അടിയന്തിരമായി മറ്റാരെയെങ്കിലും ഈ പണി ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകണം. വളരെയധികംപേർ പഠിക്കുന്ന ആ സ്ക്കൂളുകളിലെ കുട്ടികൾക്ക് ശ്വാസംമുട്ടൽ ഉണ്ടായി അസുഖമുണ്ടാകുന്ന അവസ്ഥയിലാണ്. അതിനാൽ അടിയന്തിരമായി പണി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : സർ, അദ്ദേഹം ഇവിടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും സൂചിപ്പിച്ചു. അതിൽ ഒപരുങ്കുളം ഗവൺമെൻറ് സ്ക്കൂളിന് നടപ്പ് സാമ്പത്തികവർഷത്തിൽ ഒരുലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പണി നടത്തിക്കൊണ്ടിരുന്ന അതിന്റെ കോൺട്രാക്ടർ ഇപ്പോൾ പണി നടത്തുന്നില്ല. അതുകൊണ്ട് ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് മറ്റ് സ്റ്റെപ്സ് എടുക്കുന്നതിനുവേണ്ടിയുള്ള നോട്ടീസ് കൊടുത്തിരിക്കുകയാണ്. അതുപോലെ ആ സ്ക്കൂളിൽ ഈയടുത്തകാലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും ഒരുലക്ഷം രൂപ മുടക്കി ഒരു കെട്ടിടം പണി തീർത്തിട്ടുണ്ട്. ആനപ്പാറ സ്ക്കൂളിനെ സംബന്ധിച്ചിടത്തോളം കെട്ടിടം പണിയാൻ ഈ വർഷം ബഡ്ജറ്റിൽ പണം വകകൊള്ളിച്ചിട്ടില്ല. പാവൂർ ഹൈസ്ക്കൂളിന് ബഡ്ജറ്റിൽ രണ്ടുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിടത്തിന്റെ പണിക്കുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണ്. പരുത്തിപ്പള്ളി ഹൈസ്ക്കൂളിന് ബഡ്ജറ്റിൽ ട്രോക്കൺപ്രൊവിഷൻ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു, പ്രയോറിറ്റി ലിസ്റ്റിൽപെടുത്തിയിരിക്കുന്ന ഒരു സ്ക്കൂളാണ്. ട്രോക്കൺപ്രൊവിഷൻ മാത്രമുള്ളതുകൊണ്ട് അത് ഈ വർഷം ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ള കാര്യം സംശയമാണ്. മറ്റൊന്ന് കുളത്തുമ്മൽ ഹൈസ്ക്കൂളാണ്, അതിനും ട്രോക്കൺ പ്രൊവിഷൻ മാത്രമേ ഉള്ളു. ആ സ്ക്കൂളിന്റെ പ്രത്യേകത പരിഗണിച്ച് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(9) കാർത്തികപ്പള്ളി താലൂക്കിലെ നിലം ഉഴവ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എൻ. ശ്രീനിവാസൻ : സർ, കാർത്തികപ്പള്ളി താലൂക്കിലെ നിലം ഉടമകൾ ഏതാനും കൊല്ലങ്ങളായി പരമ്പരാഗതമായി മാടിനെ ഉപയോഗിച്ച് ഉഴവ് നടത്തുന്ന തൊഴിലാളികളെ അകറ്റിനിർത്തിയിട്ട് യന്ത്രവൽക്കൃത ഉഴവ് തുടരുന്നു. സ്വാഭാവികമായി തൊഴിൽരഹിതരായ തൊഴിലാളികൾ സമരം തുടങ്ങി, അവസാനം ഐ. ആർ. സി. ഇടപെട്ട് ഒരു അനുരഞ്ജനം നടപ്പിലാക്കി. യന്ത്രവൽക്കൃത ഉഴവ് നടത്തുന്നവർ രണ്ട് ചാല് പൂട്ടാൻ പഴയ മാടിനെ ഉപയോഗിച്ച്. ഉഴവ് നടത്തുന്ന തൊഴിലാളികൾക്ക് അവസരം നൽകണമെന്നതായിരുന്നു ഒത്തുതീർപ്പ്. മൂന്ന് ഭൂവുടമകൾ മാത്രം ഈ അനുരഞ്ജന തീരുമാനത്തെ ലംഘിച്ച് ഇപ്പോൾ യന്ത്രവൽക്കൃത ഉഴവ് നടത്തുകയാണ്. അടുത്ത ഉഴവ് ഈ വരുന്ന ഡിസംബർ മാസത്തിലാണ്. അതിനിടയിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് ഇടപെട്ട് യന്ത്രവൽക്കൃത ഉഴവ് നടത്തുന്ന ഉടമകളെ മുമ്പുള്ള ഒത്തുതീർപ്പ് പരിപാലിക്കാൻ അവരുടെമേൽ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly